(സി) ട്രഷറി നിയന്ത്രണംമൂലം വിദ്യാഭ്യാസാനുകൂല്യം യഥാസമയം വിതരണം ചെയ്യാൻ തടസ്സം നേരിട്ടിരുന്നു. എന്നാൽ 2005 ജൂൺ 9-ാം തീയതി മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നത് താൽക്കാലികമായി ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക-പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

19 [599] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ) പിന്നോക്ക-പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പിന്നോക്ക-പട്ടികസമുദായ വിദ്യാർത്ഥികളുടെ സ്റ്റൈപെന്റ്, ഹോസ്റ്റൽ അലവൻസ് എന്നീ ഇനത്തിൽ എന്തു തുക കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപെന്റ്, ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള എല്ലാ ഫീസും, യഥാർത്ഥ താമസ ഭക്ഷണ ചെലവും നൽകിവരുന്നു. കൂടാതെ പൊതു പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റ് പ്രകാരം മെറിറ്റ് സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മിഷൻ ശുപാർശ ചെയ്ത നിരക്കിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ഫീസ് അനുവദിച്ചിട്ടുണ്ട്.

കൂടാതെ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ നിന്ന് 8 കിലോമീറ്ററിലധികം ദൂരത്തിൽ താമസിക്കുന്ന പട്ടികജാതി/വർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് സർക്കാർ ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ 1,000 രൂപ വീതം പ്രതിമാസ സ്റ്റൈപെന്റ് നൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) എത്രയും പെട്ടെന്ന് കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly